# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3635
23/08/2017 - ൽ മറുപടി നൽകേണ്ടിയിരുന്നത്

## വികസന പ്രവർത്തനങ്ങൾക്കായി കടം വാങ്ങിയ തുക

ചോദ്യം

ഉത്തരം

ശ്രീ. പി. ഉണ്ണി.

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി 2016-17 വർഷത്തിൽ എത്ര തുകയാണ് കടമായി വാങ്ങുന്നതിന് അനുമതി ഉണ്ടായിരുന്നത്; എത്ര തുക കടം വാങ്ങുകയുണ്ടായി; ഏതെല്ലാം ഏജൻസികളിൽ നിന്നാണ് കടം വാങ്ങിയത്; വിശദാംശം ലഭ്യമാക്കുമോ ; | പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് സംസ്ഥാനം അതിന്റെ ധനകമ്മി 3 ശതമാനമായി നിലനിർത്തേണ്ടതുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 3 ശതമാനമാണ് വാർഷിക കടമെടുപ്പ് പരിധിയായി (തനി) നിശ്ചയിച്ച് നൽകുന്നത്. 2016 - 17 സാമ്പത്തിക വർഷം 18524 കോടി രൂപയാണ് സംസ്ഥാനത്തിന്റെ വാർഷിക കടമെടുപ്പ് പരിധിയായി (തനി) കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിരുന്നത്. അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ യഥാർത്ഥ കണക്കുകൾ പ്രകാരം 01.04.2016 മുതൽ 31.03.2017 വരെ പബ്ലിക് അക്കൗണ്ട് അടക്കം 29083.54 കോടി രൂപയാണ് കടമായി എടുത്തിട്ടുള്ളത്. ഇത് ലോക ബാങ്ക്, നബാർഡ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പൊതുവിപണിയിൽ (കടപ്പത്രം) നിന്നും പ്രോവിഡന്റ് ഫണ്ട്, സ്മോൾ സേവിങ്സ് (NSSF) എന്നിവയിൽ നിന്നും എടുത്തിട്ടുള്ള വായ്പയാണ്. |
| (ബി) | കടം വാങ്ങിയ തുകയിൽ എത്ര ശതമാനം വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു ; വിശദാംശം ലഭ്യമാക്കുമോ? | അക്കൗണ്ടന്റ് ജനറലിന്റെ യഥാർത്ഥ കണക്കുകൾ പ്രകാരം, കഴിഞ്ഞ 2016 -17 സാമ്പത്തിക വർഷം സംസ്ഥാനം വികസന പ്രവർത്തനങ്ങൾക്കായി 23993.55 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് കടം വാങ്ങിയ തുകയുടെ 82.50% ആണ് |